"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - നബാർഡിന്റെ ആർ.ഐ.ഡി.എഫ് ട്രാഞ്ചേ 29 - ൽ ഉൾപ്പെട്ട കുതിരവട്ടംചിറ സംയോജിത അക്വാപദ്ധതിയുടെ സീലിംഗ് പരിധി ഉയർത്തി മൊബിലൈസേഷൻ അഡ്വാൻസ് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.502/2025/F&P തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. 28.03.2025 ലെ സ.ഉ (സാധാ) നം. 229/2025/മതുവ നമ്പർ സർക്കാർ ഉത്തരവ്.
2. ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ 20.05.2025 ലെ DFTVM/2047/2022-K1 നമ്പർ കത്ത്.

**ഉത്തരവ്**

NABARD RIDF Tranche XXIX ൽ ഉൾപ്പെട്ട കുതിരവട്ടംചിറ സംയോജിത അക്വാപദ്ധതിയുടെ നടത്തിപ്പിന് മൊബിലൈസേഷൻ അഡ്വാൻസായി പരാമർശം (1) പ്രകാരം 2.61 കോടി രൂപ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് കഴിഞ്ഞ സാമ്പത്തിക വർഷം പുറപ്പെടുവിച്ചതായതിനാൽ 4405-00-104-53-00-00-00-P-V ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നത് ട്രഷറിയിൽ നിന്നും നിരസിച്ച സാഹചര്യത്തിൽ കുതിരവട്ടംചിറ സംയോജിത അക്വാപദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് 2,61,00,000/- രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. NABARD RIDF Tranche XXIX ൽ ഉൾപ്പെട്ട കുതിരവട്ടംചിറ സംയോജിത അക്വാപദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരമുള്ള ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിന് 4405-00-104-53-00-00-00-P-V എന്ന ശീർഷകത്തിന്റെ സീലിംഗ് പരിധി 39.95% ആയി ഉയർത്തി, പ്രസ്തുത ശീർഷകത്തിൽ നിന്നും ഈ സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസായി 2.61 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (2992396 NC-A2/14/2024-ധന 04.07.2025).
ഡെപ്യൂട്ടി ഡയറക്ടർ 11, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. സി3/273/2024/മതുവ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 11-07-2025 15:49:35